(ഡി) വ്യവസായ സംരംഭകർക്ക് വിവിധ വകുപ്പുകളിലെ അനുമതി പത്രങ്ങളും ലൈസൻസുകളും സാമ്പത്തിക സഹായങ്ങളും നിശ്ചിത സമയത്തിനുള്ളിൽ ലഭ്യമാക്കുന്നതിനുള്ള സംവിധാനം ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. അനുമതി പത്രങ്ങളും ലൈസൻസുകളും ലഭിക്കുന്നതിലേയ്ക്കായി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ഗ്രീൻചാനൽ കൗണ്ടറും സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡും നിലവിലുണ്ട്. കൂടാതെ ഇവ യഥാസമയം ലഭിക്കുന്നു എന്നുറപ്പുവരുത്തുവാനുള്ള സേവനം വ്യവസായ ഉദ്യോഗസ്ഥർ നേരിട്ട് സംരംഭകർക്ക് നൽകുന്നുണ്ട്.

യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ

134 (6294) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. ബി. രാഘവൻ :
ശ്രീ. എ. എം. യൂസഫ് :
ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) കഴിഞ്ഞ വർഷം കമ്പനി എത്ര മീറ്ററുകൾ ഉൽപ്പാദിപ്പിച്ചു ;

(സി) കെ. എസ്. ഇ. ബി-ക്ക് ആവശ്യമായ മീറ്ററുകൾ പൂർണ്ണമായും വിതരണം ചെയ്യാൻ കമ്പനിക്ക് കഴിയുന്നുണ്ടോ ;

(ഡി) മറ്റു സംസ്ഥാനങ്ങൾക്ക് കമ്പനി മീറ്റർ നൽകുന്നുണ്ടോ ;

(ഇ) ഇവിടെ ഏതെല്ലാം ഉൽപ്പന്നങ്ങളാണ് ഉൽപ്പാദിപ്പിക്കുന്നത് ;

(എഫ്) ഉല്പാദനശേഷി പൂർണ്ണമായും വിനിയോഗിക്കാൻ കഴിയുന്നുണ്ടോ ;

(ജി) പാലക്കാട് പ്രവർത്തിക്കുന്ന റിപ്പയറിംഗ് യൂണിറ്റ് മീറ്റർ കമ്പനിയാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(എച്ച്) കമ്പനി ഇപ്പോൾ ലാഭത്തിലാണോ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കെ.എസ്.ഇ.ബി.യും കമ്പനിയുമായി ഒരു ധാരണാപത്രത്തിൽ ഒപ്പിടുകയും അതിൻപ്രകാരം പ്രവർത്തന മൂലധനമായി ആദ്യ വർഷം 3 കോടി രൂപയും രണ്ടാം വർഷം 60 ലക്ഷം രൂപയും മൂന്നാം വർഷം മൂലധന നിക്ഷേപമായി 2 കോടി രൂപയും നാലാംവർഷം പ്രവർത്തന

LIBRARY ARCHIVES Kerala Legislative Assembly

മൂവധനമായി 3 കോടി രൂപയും കമ്പനിക്ക് ലഭിച്ചിട്ടുണ്ട്. ഇതിലൂടെ കമ്പനിയുടെ പ്രവർത്തനം വളരെയധികം മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്.

(ബി) 308005 മീറ്ററുകൾ ഉൽപ്പാദിപ്പിച്ചു.

(സി) ഇല്ല.

(ഡി) ഇല്ല.

(ഇ) എൽ.സി.ഡി.മീറ്റർ, എ.ബി. സ്വിച്ച്, വാട്ടർ മീറ്റർ, മോട്ടോർ സ്റ്റാർട്ടർ, ഗാൽവനൈസസ്ഡ് സാധനങ്ങൾ എന്നിവ ഉല്പാദിപ്പിക്കുന്നുണ്ട്.

(എഫ്) ഉണ്ട്.

(ജി) പാറക്കാട് കണ്ണാടി പഞ്ചായത്തിൽ 5 കോടി രൂപ മുടക്കി ഒരു മീറ്റർ കമ്പനി സ്ഥാപിക്കുന്നതിനായി ബഡ്ജറ്റിൽ 5 കോടി രൂപ അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ 30 വർഷത്തെ പാട്ട വ്യവസ്ഥയിൽ ഒരേക്കർ സ്ഥലം സർക്കാർ അനുവദിക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്.

(എച്ച്) 2010-മാർച്ചിലെ കണക്ക് പ്രകാരം ലാഭത്തിലാണ്.

പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനവശേഷി ശാക്തീകരണം

135 (6295) ശ്രീ. കെ. ബാബു :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനവശേഷി ശാക്തീകരണത്തിനായി സർക്കാർ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെ എത്ര ജീവനക്കാർക്ക് ഈ പദ്ധതിയിലൂടെ പരിശീലനം ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) ഈ പദ്ധതി നടത്തിപ്പിനായി സംസ്ഥാനത്ത് ഒരു സ്ഥിരം സംവിധാനത്തിന് രൂപം നൽകണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ ;

(ഡി) എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനവ ശേഷി ശാക്തീകരണത്തിനായി എല്ലാ സ്ഥാപനങ്ങളിലെയും ജീവനക്കാരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു പരിശീലന പദ്ധതി റിയാബ് മുഖേന

LIBRARY ARCHIVES Kerala Legislative Assembly